ജനയുഗം
JANAYUGOM
25 July 2018

# നിർമ്മലധാര പദ്ധതി ശ്കതിപ്പെടുത്താൻ വിദ്യാർത്ഥികളുടെ നീലഹരിത സേന



സിഎംഎഫ്ആർഐയിൽ നടന്ന മാലിന്യനിർമ്മാർജ്ജന ബോധവൽക്കരണ ശിൽപ്പശാല മുളവുകാട് പഞ്ചായത്ത് പ്രസിഡണ്ട് വി ജി ഷാജൻ ഉദ്ഘാടനം ചെയ്യുന്നു

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിവരുന്ന കായലോര ഗ്രാമങ്ങളിലെ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്ന നിർമ്മലധാര പദ്ധതി ശക്തിപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നീല ഹരിത സേന. മാലിന്യങ്ങൾ നീക്കി ജലാശയങ്ങളുടെ ഒഴുക്കും ആവാസവ്യവസ്ഥയും പൂർവസ്ഥിതിയിലാക്കുന്നതിന് വേണ്ടി സിഎംഎഫ്ആർഐ മുളവുകാട് പഞ്ചായത്തിൽ തുടക്കമിട്ട പദ്ധതിയാണ് നിർമ്മലധാര. രണ്ടാം ഘട്ടത്തിൽ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് വിദ്യാർത്ഥികളടങ്ങുന്ന നീലഹരിത സേനയ്ക്ക് രൂപം നൽകിയത്. ഗ്രാമതലങ്ങളിൽ മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണം നടത്തുന്നതിന് ഗവേഷക സംഘത്തോടൊപ്പം ഇനിമുതൽ നീലഹരിത സേനയും രംഗത്തിറങ്ങും.പ്ലാസ്റ്റിക് മാലിന്യങ്ങൾ കെട്ടിക്കിടന്ന് പൊതുജലാശയങ്ങൾ കൃഷിയോഗ്യമല്ലാതായി വന്നപ്പോഴാണ് സിഎംഎഫ്ആർഐയിലെ പരിസ്ഥിതി ഗവേഷണ വിഭാഗം മുളവുകാട് പഞ്ചായത്തിൽ നിർമ്മലധാര പദ്ധതിക്ക് രൂപം നൽകിയത്. ഒരുകാലത്ത് സമൃദ്ധമായ രീതിയിൽ ചെമ്മീൻ കൃഷി നടന്നിരുന്ന പഞ്ചായത്തിലെ ജലാശയങ്ങൾ പ്ലാസ്റ്റിക്കുകളുടെ ആധിക്യം മൂലം വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടതായി കണ്ടെത്തിയത്. കെട്ടിക്കിടക്കുന്ന ജലാശയങ്ങളിൽ പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന അണുക്കളുടെ സാന്നിധ്യവും ഗവേഷക സംഘം കണ്ടെത്തിയിരുന്നു. ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പൊതുജന പങ്കാളിത്തത്തോടെ തുടങ്ങിയ നിർമ്മലധാര പദ്ധതി പഞ്ചായത്തിൽ വൻവിജയമായതോടെയാണ് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നീല ഹരിത സേന രൂപീകരിച്ച് ശക്തിപ്പെടുത്തുന്നത്. വീടുകളിൽ നിന്ന് തന്നെ പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് ജലാശയങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതാണ് പദ്ധതി. സിഎംഎഫ്ആർഐ പരിസ്ഥിതി ഗവേഷണ വിഭാഗം മേധാവി ഡോ വി കൃപയുടെ നേതൃത്വത്തിലാണ് നിർമ്മലധാര പദ്ധതി നടപ്പിലാക്കി വരുന്നത്.